**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4738** **19-03-2025 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ വാട്ടർ അതോറിറ്റിയുടെ കീഴിൽ ആരംഭിച്ച വിവിധ കുടിവെള്ള പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; പുതിയ കുടിവെള്ള പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പാലാ വാട്ടർ അതോറിറ്റിയുടെ കീഴിൽ ആരംഭിച്ച വിവിധ കുടിവെള്ള പദ്ധതികളുടെ നിജസ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | മണ്ഡലത്തിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നുണ്ട്.<br><br>ജൽജീവൻ മിഷനിൽ ഉൾപ്പെട്ട മീനച്ചിൽ മലങ്കര കുടിവെള്ള പദ്ധതി പ്രവർത്തിക്ക് റോഡുകളുടെ കട്ടിങ് അനുമതിക്കായി റോ പോർട്ടലിൽ അപേക്ഷ നൽകി joint inspection നടത്തിയെങ്കിലും അനുമതി ലഭ്യമായിട്ടില്ല. ഇ‍ൗ പദ്ധതിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.<br><br>ഫണ്ടിന്റെ അഭാവവും പദ്ധതികളുടെ പുരോഗതിയെ കാര്യമായി ബാധിക്കുന്നുണ്ട്. കരൂർ പഞ്ചായത്തിലെ വർക്കുകൾക്ക് കരാറുകാരെ ലഭിക്കുന്നതിന് താമസം നേരിടുന്നുണ്ട്. മീനച്ചിൽ പദ്ധതിയിൽ പ്രവർത്തനാനുമതി നൽകിയ രണ്ട് പ്രവർത്തികൾക്ക് കരാറിൽ ഏർപ്പെട്ടിട്ടില്ല.<br><br>പാലാ മുനിസിപ്പാലിറ്റി XXII-വാർഡിനായി നടപ്പിലാക്കി വരുന്ന പൂതക്കുന്ന് കുടിവെള്ള പദ്ധതിയുടെ കിണറിനോട് ചേർന്നുള്ള സംരക്ഷണഭിത്തി ഇടിഞ്ഞതിനാൽ കിണറിന്റെ നിർമ്മാണ പ്രവർത്തനത്തിന് തടസ്സം നേരിട്ടിരുന്നു. ടി. സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ച് ഇതിനോടകം തന്നെ നിർമ്മാണ പ്രവർത്തികൾ പുനരാരംഭിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികൾ കരാറുകാരുടെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തോടെ വേണ്ട മുന്നൊരുക്കങ്ങൾ നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

I). മീനച്ചിൽ മലങ്കര കുടിവെള്ള പദ്ധതി:-

ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടി വെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതി യാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നല്കാൻ കഴിയും.2023 ഒക്ടോബർ 21 ന ഉത്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച മുട്ടം വില്ലേജിലെ വള്ളിപ്പാറക്ക സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച് ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്തു കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച ശുദ്ധീകരിച്ച ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്ക ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പാക്കേജ് - 1 (പൊതുഘടകം)

മലങ്കര ഡാമിൽ ജലോപരിതലത്തിൽ പൊങ്ങികിടക്കുന്ന പമ്പ് ഹൌസിൽ 450HP കപ്പാസിറ്റി ഉള്ള 6 പമ്പ് സെറ്റ് സ്ഥാപിച്ച 150 മീറ്റർ നീളം ഉള്ള 300mm വ്യാസം വരുന്ന രണ്ട് പൈപ്പുകൾ വഴി ജലോപരിതലത്തിലൂടെ സ്റ്റീൽ ഗർഡർ ബ്രിഡ്ജ് വഴി ജലം കരയിൽ എത്തിച്ച് 1000 MM വ്യാസമുള്ള DI/MS പൈപ്പ് 8200M ദൂരത്തിൽ സ്ഥാപിച്ച ഒരു വട്ടം കൂടി ബൂസ്റ്റ് ചെയ്തു നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിക്കുന്നു. വള്ളിപ്പാറ ബൂസ്റ്റിംഗ് സ്റ്റേഷൻ, പമ്പ് ഹൗസ്, ട്രാൻസ്ഫോർമർ റൂം എന്നിവയുടെ നിർമ്മാണവും റോഡ് പുനർ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 10% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് (2 - (പൊതുഘടകം)

നീലൂരിൽ 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാല, രണ്ട് ശുദ്ധ ജല സംഭരണികൾ, (ഒന്ന് ഫിൽട്ടർ റൂമിനോട് കൂടിയും, രണ്ടാമത്തേത് പമ്പിങ് സ്റ്റേഷൻ നോട് കൂടിയും) സ്ഥിതിചെയ്യുന്നു. കൂടാതെ എയ്റേറ്റർ, ക്ലാരിഫ്ളോകുലേറ്റർ, ഫിൽട്ടർഹൗസ്, റീസൈക്ലിങ് ടാങ്ക്, കെമിക്കൽ ഹൗസ് എന്നിവയും പ്രധാന ഘടകങ്ങൾ ആണ്. 19km നീളത്തിൽ 700mm DI/MS പൈപ്പുകളുടെ വിതരണവും സ്ഥാപിക്കലും റോഡ് പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 10% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് 3- കടനാട് പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 14 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 5 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചുള്ള വിതരണം വിഭാവനം ചെയ്തുള്ള പ്രവർത്തി പുരോഗമിക്കുന്നു. 3631 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 22% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് 4-രാമപുരം പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 18 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 8 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച വിതരണം വിഭാവനം ചെയ്തുള്ള പ്രവർത്തി പുരോഗമിക്കുന്നു. 7161 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 35% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് 5- ഭരണങ്ങാനം പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 4 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച വിതരണം വിഭാവനം ചെയ്തുള്ള പ്രവർത്തി പുരോഗമിക്കുന്നു. 1874 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 134.92 km പൈപ്പ് ലൈനിൽ 32.62 km ദൂരം പൂർത്തിയായി. നിലവിൽ 18% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് 6-മേലുകാവ് പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 14 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ

നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം വിഭാവനം ചെയ്തിട്ടുണ്ട്. 3568 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ടി പഞ്ചായത്തിലെ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്.

<u>പാക്കേജ് 7-മൂന്നിലവ് പഞ്ചായത്ത്</u>

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 29 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം വിഭാവനം ചെയ്യുള്ള പ്രവർത്തി പുരോഗമിക്കുന്നു. 2605 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 169.69 km പൈപ്പ് ലൈനിൽ 2.27 km ദൂരം പൂർത്തിയായി.നിലവിൽ 2% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

<u>പാക്കേജ് 8-തലനാട് പഞ്ചായത്ത്</u>

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പൂഞ്ഞാർ -തെക്കേക്കര പഞ്ചായത്തിലെ വെട്ടിപ്പറമ്പിൽ സ്ഥാപിക്കുന്ന 25 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണിയിൽ എത്തിച്ച് അവിടെ നിന്നും പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 20 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം വിഭാവനം ചെയ്യുള്ള പ്രവർത്തി പുരോഗമിക്കുന്നു. 3121 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 17% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

<u>പാക്കേജ് 11 - മീനച്ചിൽ പഞ്ചായത്ത്</u>

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കു വേണ്ടി സ്ഥാപിക്കുന്ന 3 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം വിഭാവനം ചെയ്തിട്ടുണ്ട്. 1968 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ടി

പഞ്ചായത്തിലെ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്.

പാക്കേജ് 13 - തലപ്പലം പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം ഭരണങ്ങാനം പഞ്ചായത്തിലെ കയൂർ ടാങ്കിൽ എത്തിച്ച് അവിടെ നിന്നും പമ്പ് ചെയ്ത് ടി പഞ്ചായത്തിലെ 2 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 2 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം വിഭാവനം ചെയ്തുള്ള പ്രവർത്തി പുരോഗമിക്കുന്നു. 597 കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 40% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

II). ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട കരൂർ പഞ്ചായത്തിലെ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മീനച്ചിൽ നദി സ്രോതസ്സാക്കി പ്രതിദിനം 6 ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയുള്ള കരൂർ കുടിവെള്ള പദ്ധതിയും നടപ്പാക്കി വരുന്നു. 71.39 കോടി രൂപ ഭരണാനുമതി ലഭിച്ച ടി പദ്ധതിയുടെ (AS No.489/2021/WRD,dated 18/09/2021-56.59 കോടി & AS No.897/2023/WRD dated 26/10/2023-14.80 കോടി) പ്രവർത്തികൾ എട്ട് പാക്കേജുകൾ ആയി വിഭജിച്ചിരിക്കുന്നു.

പാക്കേജ്-1- കരൂർ ഗ്രാമപഞ്ചായത്തിലെ വലവൂരിൽ സ്ഥാപിക്കുന്ന 6 MLD ജലശുദ്ധീകരണശാല

സാങ്കേതിക അനുമതി തുക - 1634 ലക്ഷം (തീയതി- 19/07/2023)

പ്രവർത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ വലവൂരിൽ 6 ദശലക്ഷം ലിറ്റർ ജലശുദ്ധീകരണശാല പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ. 17.178 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക. 2863 - കണക്ഷനുകൾ തുടങ്ങിയവ.

നിലവിലെ സ്ഥിതി- വർക്ക് അവാർഡ് ചെയ്ത് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. ശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് soil investigation പ്രവർത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ വർക്കുകൾ പുരോഗമിക്കുന്നു. 13.48 കി.മി പൈപ്പുകൾ സപ്ലൈ ചെയ്ത് 5 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 6.7 കിലോമീറ്റർ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. പ്രവർത്തികൾ പുരോഗമിക്കുന്നു.

പാക്കേജ്-2- കരൂർ പഞ്ചായത്തിൽ നെല്ലിയാനി ടാങ്കിൽ നിന്നും ജലവിതരണ ശൃംഖലയും കണക്ഷനുകളും

സാങ്കേതികഅനുമതിതുക- 591 ലക്ഷം (തീയതി- 11/07/2023)

പ്രവർത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ നെല്ലിയാനിയിൽ 21.97 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുകയും, 671 കണക്ഷനുകൾ നൽകുകയും, 3.87 കിലോമീറ്റർ ദൂരത്തിൽ പമ്പിങ് മെയിൻ സ്ഥാപിക്കുകയും 2 പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്ന പ്രവർത്തി.

നിലവിലെ സ്ഥിതി :-വർക്ക് അവാർഡ് ചെയ്ത്,എഗ്രിമെൻറ് വച്ചിട്ടുണ്ട്. 21.9km പൈപ്പുകൾ സപ്ലൈ ചെയ്ത് 15.9 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 6.2 കിലോമീറ്റർ പി.ഡബ്ല്യു.ഡി റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. പ്രവർത്തികൾ പുരോഗമിക്കുന്നു

പാക്കേജ്-3 കരൂർ പഞ്ചായത്തിലെ സെൻതോമസ് മൗണ്ട് ടാങ്കിൽ നിന്നും ജലവിതരണ ശൃംഖലയും കണക്ഷനുകളും

സാങ്കേതികഅനുമതി തുക- 322 ലക്ഷം (തീയതി - 11/07/2023)

പ്രവർത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ സെൻ്റ് തോമസ് മൗണ്ടിൽ നിന്നും 10.6 1 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക. 384 കണക്ഷനുകൾ, 1.535 കിലോമീറ്റർ ദൂരത്തിൽ പമ്പിങ്, മെയിൻ തുടങ്ങിയവ.

നിലവിലെ സ്ഥിതി :- വർക്ക് അവാർഡ് ചെയ്ത് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 1.55 കിലോമീറ്റർ PWD റോഡുകളിൽ കട്ടിംഗ് അനുമതി ലഭിച്ചിട്ടില്ല. 10.17 കി.മി പൈപ്പുകൾ സപ്ലൈ ചെയ്ത് 9.7 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവർത്തികൾ പുരോഗമിക്കുന്നു.

പാക്കേജ് 4 കരൂർ പഞ്ചായത്തിലെ IIIT യ്ക്ക് സമീപം ജലസംഭരണിയും ജലവിതരണ ശൃംഖലയും കണക്ഷനുകളും

സാങ്കേതികഅനുമതിതുക-1327 ലക്ഷം (തീയതി - 15/07/2023)

പ്രവർത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ IIIT ക്യാമ്പസിൽ 5 ലക്ഷം ലിറ്റർ ജലസംഭരണി 53.012 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക 863 കണക്ഷനുകൾ 1.532 കിലോമീറ്റർ ദൂരത്തിൽ പമ്പിങ് മെയിൻ തുടങ്ങിയവ.

നിലവിലെ സ്ഥിതി :- വർക്ക് അവാർഡ് ചെയ്ത് എഗ്രിമെൻറ് വച്ചിട്ടുണ്ട്. 24.6 കി.മി പൈപ്പുകൾ സപ്ലൈ ചെയ്തു 4 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പ്രവർത്തികൾ പുരോഗമിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 21.46 കിലോമീറ്റർ പി.ഡബ്ല്യു.ഡി റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. ജലസംഭരണിയുടെ നിർമ്മാണത്തിന് ആവശ്യമായ 10 സെൻറ് സ്ഥലം IIIT-ക്യാമ്പസിൽ ലഭിക്കുകയും IIIT; KSITIL, KWA എന്നിവർ സംയുക്ത കരാറിൽ ഏർപ്പെട്ട് സ്ഥലം ഏറ്റെടുത്തിരുന്നു. എന്നാൽ IIIT ക്യാമ്പസിൽ CPWD യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്രൊപ്പോസ്ഡ് ടാങ്ക് സൈറ്റിലേക്ക് പ്രവേശിക്കുവാൻ കഴിയാത്തതുമൂലം ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ ഇത് ബാധിക്കുകയും ചെയ്തു. തുടർന്ന് CPWD യും IIIT യും ചേർന്ന് നടത്തിയ യോഗത്തിൽ ആൾട്ടർനേറ്റ് റൂട്ട്

നിർദ്ദേശിച്ചു. ഇതിൻറെ അടിസ്ഥാനത്തിൽ ലഭിച്ച പുതിയ സ്ഥലത്ത് സൈറ്റ് ക്ലിയറൻസ് നടത്തുകയും soil investigation പ്രവർത്തനങ്ങൾ 25/11/2024 തീയതിയിൽ പൂർത്തീകരിക്കുകയും ചെയ്തു. ഡിസൈൻ വർക്കുകൾ പുരോഗമിക്കുന്നു.

പാക്കേജ് 5 കരൂർ പഞ്ചായത്തിലെ വലവൂരിൽ ജലസംഭരണിയും, ജലവിത രണശൃംഖലയും, കണക്ഷനുകളും

സാങ്കേതികഅനുമതിതുക - 600 ലക്ഷം (തീയതി:- 10/07/2023)

പ്രവർത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ വലവൂരിന് സമീപം 6 ലക്ഷം ലിറ്റർ ജലസംഭരണി 13.911 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 863 കണക്ഷനുകൾ 2 കിലോമീറ്റർ ദൂരത്തിൽ പമ്പിങ് മെയിൻ തുടങ്ങിയവ.

നിലവിലെ സ്ഥിതി:-വർക്ക് അവാർഡ് ചെയ്ത് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 7.5 കിലോമീറ്റർ പി.ഡബ്ല്യു.ഡി റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. 13.72 കി.മി പൈപ്പുകൾ സപ്ലൈ ചെയ്ത് 7 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവർത്തികൾ പുരോഗമിക്കുന്നു. ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സൈറ്റ് ക്ലിയറൻസ് നടത്തുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

പാക്കേജ് 6 - മീനച്ചിൽ നദിയിൽ കടപ്പാട്ടൂരിൽ സബ് സ്റ്റേഷൻ കം ഓപ്പറേറ്റേഴ്സ് റൂം പമ്പിങ് മെയിനും അനുബന്ധ പ്രവർത്തികളും

സാങ്കേതികഅനുമതിതുക- 904 ലക്ഷം (തീയതി -15/07/2023)

പ്രവർത്തിയുടെവിവിധഘടകങ്ങൾ

മീനച്ചിൽ നദിയിൽ കടപ്പാട്ടൂരിൽ സബ് സ്റ്റേഷൻ ഓപ്പറേറ്റേഴ്സ്റൂം, പമ്പ് സെറ്റുകൾ 7.38 കിലോമീറ്റർ ദൂരത്തിൽ റോ വാട്ടർപമ്പിംഗ് മെയിൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക തുടങ്ങിയവ.

നിലവിലെ സ്ഥിതി :- നിരവധി തവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുത്തിരുന്നില്ല, ഇപ്പോൾ ഒരാൾ പങ്കെടുത്തിട്ടുണ്ട്. അനന്തര നടപടികൾ പുരോഗമിക്കുന്നു.

പാക്കേജ് 7 -കരൂർ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം

സാങ്കേതികഅനുമതിതുക- 380.7 ലക്ഷം (തീയതി - 26/10/2023)

പ്രവർത്തിയുടെ വിവിധ ഘടകങ്ങൾ:-കരൂർ പഞ്ചായത്തിൽ 23.9 കിലോമീറ്റർ ദൂരത്തിൽ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തി.

നിലവിലെ സ്ഥിതി :-വർക്ക് അവാർഡ് ചെയ്ത് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. ഇനിഷ്യൽ ലെവൽ CTE ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

പാക്കേജ് 8 - കരൂർ പഞ്ചായത്തിലെ ശേഷിക്കുന്ന ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തി

സങ്കേതികഅനുമതിതുക-1039.3 ലക്ഷം (തീയതി - 26/10/2023)

പ്രവർത്തിയുടെ വിവിധ ഘടകങ്ങൾ:-കുരൂർ പഞ്ചായത്തിൽ 66.42 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി.

നിലവിലെ സ്ഥിതി:-വർക്ക് അവാർഡ് ചെയ്ത് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. 14.8 കിലോമീറ്റർ പൈപ്പുകൾ സപ്ലൈ ചെയ്തു. 7 കിലോമീറ്റർ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 21 കിലോമീറ്റർ PWD റോഡുകളിൽ കട്ടിംഗ് അനുമതി ലഭിച്ചിട്ടില്ല. പ്രവർത്തികൾ പുരോഗമിക്കുന്നു.

III). പാലാ മുനിസിപ്പാലിറ്റിക്കായി(xxii-വാർഡ്) നടപ്പിലാക്കിവരുന്ന പൂതക്കുന്ന് കുടിവെള്ള പദ്ധതി:-

പാല മുനിസിപ്പാലിറ്റിയിലെ 12-ാം വാർഡിനായി 4 മീറ്റർ വ്യാസമുള്ള കിണറും പമ്പിങ് മെയിനും പമ്പ് ഹൗസും സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. ടി. പ്രവർത്തികൾ 1700 മീറ്റർ പൈപ്പ് ലൈനിൽ 1284 മീറ്റർ ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു. കിണറിന്റെ പണി 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

IV). പാലാ മുൻസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന അമൃത് കുടിവെള്ള പദ്ധതികൾ

(a) 1 ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പ് -കം പമ്പ് ഹൗസ് 9900 മീറ്റർ പൈപ്പ് ലൈൻ 780 ഗാർഹിക കുടിവെള്ള കണക്ഷനുകൾ എന്നിവ അടങ്ങിയ പ്രവർത്തികളിൽ സമ്പിന്റെ പ്രവർത്തി 95% പൂർത്തീകരിച്ചു. പൈപ്പ് ലൈൻ വർക്കുകൾ 4805 മീറ്റർ പൂർത്തീകരിച്ചു. 209 ഗാർഹിക കുടിവെള്ള കണക്ഷനുകൾ ഇതിനോടകം നൽകിയിട്ടുണ്ട്. പിഡബ്ല്യുഡി റോഡ് കട്ടിംഗ് അനുമതി 3.00 കി.മീ ലഭ്യമാകുന്ന മുറയ്ക്ക് പൈപ്പ് ലൈൻ പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണ്.

(b) പാല ശുദ്ധീകരണശാലയുടെ പുനരുദ്ധാരണ പ്രവർത്തി, വിതരണ കുഴലുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി എന്നിവ അടങ്ങിയ പ്രവർത്തിക്ക് 1.318 കോടി രൂപയുടെ ഭരണാനുമതിയും 1.0217 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ചു. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

മറ്റ് പുതിയ കുടിവെള്ള പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.

(V) ഡെപ്പോസിറ്റ് പ്രവർത്തിയിൽ പാലാ മുൻസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ

ഡെപ്പോസിറ്റ് - പാല മുനിസിപ്പാലിറ്റി - 4 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും നിർമ്മിക്കൽ, പമ്പിംഗ് മെയിൻ അളന്നു സ്ഥാപിക്കൽ, പമ്പ് സെറ്റ് നൽകൽ -ഡബ്ല്യു.എസ്.എസ് പൂത്തക്കുന്നുനായി (വാർഡ് XXII, പാല മുനിസിപ്പാലിറ്റി) 75.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പൈപ്പ് ലൈൻ സ്ഥാപിക്കൽ 85% ഉം കിണർ കുഴിക്കൽ 130% ഉം പൂർത്തിയായി.നദിയുടെ

ജലനിരപ്പ് താരതമ്യേന ഉയർന്നതിനാൽ പ്രവർത്തിയുടെ പൂർത്തീകരണം വൈകി.